# കേരള സർവകലാശാല

## ഒന്നാം വർഷ ബി.എഡ് പ്രവേശനം – 2024

## ഗവ :/ എയ്‌ഡഡ് / സ്വാശ്രയ/ കെ. യു.സി.ടി.ഇ കോളേജുകളിൽ കോളേജ് ലെവൽ സ്പോട്ട് അലോട്ട്മെന്റ് ഓഗസ്റ്റ് 9 ന്

- കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ :/ എയ്‌ഡഡ് / സ്വാശ്രയ/ കെ. യു.സി.ടി.ഇ കോളേജുകളിലെ ഒന്നാം വർഷ ബി.എഡ് കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് 09.08.2024 ന് കോളേജ് തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

- നിലവിൽ കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ബി.എഡ് കോഴ്സുകളിൽ അഡ്മിഷൻ ഉള്ള വിദ്യാർത്ഥികളെ പ്രസ്തുത സ്പോട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല (മാനേജ്മെന്റ് അഡ്മിഷൻ ഉൾപ്പടെ).

- നിലവിൽ കേരള സർവകലാശാലയിൽ ബി.എഡ് കോഴ്സിലേക്ക് അപേക്ഷ നല്കിയിട്ടുള്ളവരെ പരിഗണിച്ചതിനു ശേഷമുള്ള ഒഴിവുകളിലേക്ക് ഇതുവരെ അപേക്ഷ നല്കാത്തവരെയും സ്പോട്ടിൽ പരിഗണിക്കുന്നതാണ്.

- EWS വിഭാഗത്തിൽ ഉള്ള ഒഴിവുകളിൽ പ്രസ്തുത വിഭാഗത്തിലെ വിദ്യാർത്ഥികളെ മാത്രമാണ് പരിഗണിക്കുന്നത്. EWS വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് മറ്റു വിഷയങ്ങളിലേക്ക് മാറ്റി നൽകുന്നതായിരിക്കും.

- കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ട വിഭാഗത്തിൽ ഒഴിവുള്ള വിഷയങ്ങളിൽ അപേക്ഷാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഒഴിവ് മറ്റു വിഷയങ്ങളിലേക്ക് മാറ്റി നൽകുന്നതായിരിക്കും.

- സ്പോർട്സ് ക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത സീറ്റ് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ വിഷയ പരിഗണന ഇല്ലാതെ ഉയർന്ന ഇൻഡക്സ് മാർക്കുള്ള വിദ്യാർത്ഥിക്ക് നൽകുന്നതാണ്.

- സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ( including TC and Consolidated marklist) ഉണ്ടായിരിക്കണം.

- ഇതര സർവകലാശാല വിദ്യാർഥികൾ നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

- വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റ് ഔട്ടും എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി അതാത് കോളേജുകളിൽ രാവിലെ 11 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെയും അഡ്മിഷന് ആവശ്യമായ മതിയായ രേഖകൾ ഇല്ലാത്ത വിദ്യാർത്ഥികളെയും ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

- ഒന്നിൽ കൂടുതൽ കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്നതിലേക്കായി വിദ്യാർത്ഥി സാക്ഷ്യ പത്രം നൽകി രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.